പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3479 — 19.10.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, വി.ടി.ബൽറാം<br>,, എം. വിൻസെന്റ്<br>,, വി.എസ്.ശിവകുമാർ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ചിലവ് പ്രതീക്ഷിക്കുന്നത് 8 കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2016 ഒക്ടോബറോടു കൂടി പൂർത്തിയാക്കാൻ കഴിയും. 768 പേർക്ക് എല്ലാ വിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിതിൽ ഉദ്ദേശിക്കുന്നത്. ഈ മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/ കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. 53,136 തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് അപകട മരണ |

ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളു ടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഇവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി.മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |
| (സി) | ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ